## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 354 — 18/03/2013 ൽ മറുപടിയ്ക്ക്

## പുതിയ ജയിലുകൾ

**ചോദ്യം** — **മറുപടി**

ശ്രീ. പി.എ. മാധവൻ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. ഐ.സി. ബാലകൃഷ്ണൻ
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

| ചോദ്യം | മറുപടി |
|---|---|
| (എ) പുതിയ ജയിലുകൾ സ്ഥാപിക്കൽ ഉദ്ദേശിക്കുന്നുണ്ടോ? | (എ) ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം തരം ജയിലുകൾ സ്ഥാപിക്കുന്നതിനാണ് പ്രസ്തുത പദ്ധതിയിൽ രൂപം നൽകിയിരിക്കുന്നത്; വിശദമാക്കാമോ?<br>(സി) ഇതിനുള്ള സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ? വിശദമാക്കുമോ;<br>(ഡി) ഏതെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭ്യമാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ബി) യും (സി) യും (ഡി) യും<br>ഇടുക്കി ജില്ലയിലെ തൊടുപുഴക്ക് സമീപം മുട്ടം എന്ന സ്ഥലത്ത് ജില്ലാ ജയിലും, തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ സബ് ജയിലും വിയ്യൂരിൽ ഹൈസെക്യൂരിറ്റി പ്രിസണും, പാലക്കാട് ജില്ലയിൽ സ്പെഷ്യൽ സബ്ജയിലും കേന്ദ്രാവിഷ്ക്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് സബ് ജയിലിനും വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ജില്ലാ ജയിലിനും സ്ഥലം കണ്ടെത്താനുള്ള ശ്രമം അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ